ആർ.സി.എസ്.867/2021/സി.എസ്.(2)　　സഹകരണ സംഘം രജിസ്ട്രാർ ആഫീസ്.
തിരുവനന്തപുരം, തീയതി- 13/8/2021.

# സർക്കുലർ നമ്പർ-34/2021.

വിഷയം- സഹകരണ വകുപ്പ്- കാളിക്കാവ് കൺസ്യൂമർ സഹകരണ സംഘം ലിമിറ്റഡ് നമ്പർ എം.1006-പ്രവർത്തന മൂലധനം- മലപ്പുറം ജില്ലയിലുള്ള സംഘങ്ങളിൽ നിന്നും ഓഹരി സമാഹരിക്കുന്നത് അനുമതി -സംബന്ധിച്ച്.

സൂചന- 1.സംഘം ഭരണസമിതിയുടെ 23/8/2020 ലെ 5-)ം നമ്പർ തീരുമാനം.

2. മലപ്പുറം ജോയിന്റ് രജിസ്ട്രാറുടെ 12/1/2021 ലെ JRMPM/3131/2020/HMC1 നമ്പർ കത്ത്.

കാളിക്കാവ് കൺസ്യൂമർ സഹകരണ സംഘം ലിമിറ്റഡ് നമ്പർ എം.1006 ന്റെ അധിക വിഭവ സമാഹരണത്തിന് മലപ്പുറം ജില്ലയിൽ താത്പര്യമുള്ള സംഘങ്ങൾക്ക് ഓഹരി സമാഹരിക്കുന്നതിന് അനുവാദത്തിനായി സംഘം ഭരണസമിതി സൂചന (1) പ്രകാരം തീരുമാനമെടുത്ത് സൂചന (2) പ്രകാരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) വഴി അപേക്ഷിച്ചിരുന്നു. ടി സംഘത്തിന്റെ നിയമാവലി 6 B പ്രകാരം ബി ക്ലാസ് ഓഹരികൾ എടുക്കുന്നതിന് വ്യവസ്ഥയുണ്ട്.

1969 ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശപ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുന്നു. സംഘം ഭരണസമിതിയുടെ തീരുമാനം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്.

സൂചന (1) തീരുമാനത്തിന്റെയും സൂചന (2) ശുപാർശയുടേയും അടിസ്ഥാനത്തിൽ കാളിക്കാവ് കൺസ്യൂമർ സഹകരണ സംഘം ലിമിറ്റഡ് നമ്പർ എം 1006 ന്റെ പ്രവർത്തന മൂലധനത്തിന് ഫണ്ട് സമാഹരിക്കുന്നതിലേക്ക് മലപ്പുറം ജില്ലയിൽ താത്പര്യമുള്ള സംഘങ്ങൾക്ക് ടി സംഘത്തിലെ ബി ക്ലാസ്സ് ഓഹരി എടുക്കുന്നതിന്

അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകളുടേയും ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ അനുമതി നൽകുന്നു.

(ഒപ്പ്)
പി.ബി.നൂഹ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പ്രസിഡന്റ്,
കാളിക്കാവ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ എം.1006,
കാളിക്കാവ്, മലപ്പുറം ജില്ല, പിൻ-676525.

പകർപ്പ്- 1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) മലപ്പുറം.
2. ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മലപ്പുറം.
3. കരുതൽ ഫയൽ
4. അധികം.
5. ഐ.റ്റി. സെക്ഷൻ
6. സഹകരണ വീഥി.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.എസ്./എച്ച്.വി.)